# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.528 29.10.2019-ൽ മറുപടിയ്ക്ക്

### നികുതികുടിശ്ശിക നിവാരണ പദ്ധതികൾ

| ചോദ്യം<br>ശ്രീ.പി.സി. ജോർജ് | | മറുപടി<br>ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പമന്ത്രി) | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് നികുതി പിരിച്ചെടുക്കുന്നതുമായി ബന്ധപ്പെട്ട് നികുതി വകുപ്പിന്റെ നടപടിക്രമങ്ങൾ എന്തൊക്കെയാണ്; വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (എ) | ചരക്ക് സേവന നികുതി നിയമം നടപ്പിലായപ്പോൾ നിലവിലുള്ള നികുതിദായകരിൽ ഒന്നരക്കോടിക്ക് മുകളിൽ വിറ്റുവരവുള്ള വ്യാപാരികളുടെ 50% ഫയലുകളും അതിന് താഴെ വിറ്റുവരവുള്ള വ്യാപാരികളുടെ ഫയലുകൾ 1:9 എന്ന അനുപാതത്തിൽ വിഭജിച്ച് കേന്ദ്ര സംസ്ഥാന ജി.എസ്.റ്റി വകുപ്പുകൾ കൈമാറ്റം ചെയ്യുകയുണ്ടായി. ഇതിൽ സംസ്ഥാനത്തിന്റെ അധികാര പരിധിയിൽ വരുന്ന നികുതിദായകരുടെ റിട്ടേണുകൾ സമയബന്ധിതമായി സൂക്ഷ്മ പരിശോധന നടത്തി നികുതി ചോർച്ച തടയുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. സർക്കാരിലേക്ക് നികുതി കൊടുക്കേണ്ടതായ GSTR -3 ബി റിട്ടേൺ ഫയൽ ചെയ്യാതെ GSTR ഒന്ന് മാത്രം ഫയൽ ചെയ്യുന്ന വ്യാപാരികൾക്ക് എതിരെ നികുതി നിർണ്ണയ നടപടികൾ സ്വീകരിച്ച് വരുന്നു. GSTR - 2A റിട്ടേണിൽ പ്രതിഫലിച്ചിട്ടുള്ള ഇൻപുട്ട് ടാക്സ് ക്രഡിറ്റ് GSTR -3B യുമായി താരതമ്യം ചെയ്ത് നികുതി ചോർച്ച തടയുന്നു. റിട്ടേൺ ഫയൽ ചെയ്യാത്ത വ്യാപാരികൾക്ക് ASMT - 13 order നല്കി നികുതി നിർണ്ണയം നടത്തി വരുന്നു. യഥാസമയം നികുതി ഒടുക്കാത്ത വ്യാപാരികളിൽ നിന്ന് പലിശ ഈടാക്കുന്ന നടപടി സ്വീകരിച്ച് വരുന്നു. വ്യാപാരികളുടെ നികുതിയുടെ മാനദണ്ഡം അടിസ്ഥാനമാക്കി 5 വിഭാഗങ്ങളായി തരംതിരിച്ച് റിട്ടേണുകൾ പരിശോധനാ വിധേയമാക്കുന്നതിനും നികുതി നിർണ്ണയം നടത്തുന്നതിനും മുൻഗണന നൽകി വരുന്നു. പെട്രോളിയം ഉൽപ്പന്നങ്ങൾ, മദ്യം |

| | | | |
|---|---|---|---|
| | | | എന്നിവ KGST നിയമത്തിൻ കീഴിൽ വരുന്ന ചരക്കുകളാകയാൽ അവയിന്മേലുള്ള നികുതി പൂർണ്ണമായും സംസ്ഥാനത്തിന് അവകാശപ്പെട്ടതാണ്. നികുതി വെട്ടിപ്പ് തടയുന്നതിലുള്ള ശ്രമങ്ങളുടെ ഭാഗമായി കട പരിശോധന, വാഹന പരിശോധന എന്നിവ നടത്താറുണ്ട്. ക്രമക്കേടുകൾ കണ്ടെത്തുന്ന കേസുകളിൽ നികുതി, പിഴ എന്നിവ ഈടാക്കാറുണ്ട്. നികുതി കുടിശ്ശിക വരുത്തുന്ന കേസുകളിൽ റിക്കവറി നടപടികളിലൂടെ അത്തരം കുടിശ്ശികകൾ പിരിച്ചെടുക്കാറുണ്ട്. എക്സൈസ് വകുപ്പ് വഴി നൽകുന്ന എല്ലാ ലൈസൻസുകൾക്കും പെർമിറ്റുകൾക്കും മുൻകൂറായി ഫീസ്/നികുതി ഈടാക്കിയ ശേഷമാണ് അനുമതി നൽകി വരുന്നത്. ഭൂമികൈമാറ്റം സംബന്ധിച്ച രജിസ്ട്രേഷൻ നടത്തുമ്പോൾ സ്റ്റാമ്പ് ഡ്യൂട്ടി ഇനത്തിലും രജിസ്ട്രേഷൻ ഫീസ് ഇനത്തിലും ലഭിക്കുന്ന നികുതിയും ഫീസുമാണ് രജിസ്ട്രേഷൻ വകുപ്പിന്റെ വരുമാനം. ഭൂമിയിൽ വിലകുറച്ചുവെച്ചിട്ടുള്ള 01.01.1986 മുതൽ കെട്ടിക്കിടക്കുന്ന അണ്ടർ വാല്യൂവേഷൻ കേസുകൾ ബഡ്ജറ്റിൽ പ്രഖ്യാപിച്ച പ്രത്യേക കർമ്മ പദ്ധതികളിലൂടെ പിരിച്ചെടുക്കുന്നതിനുള്ള നടപടികളും സ്വീകരിച്ച് വരുന്നു. |
| (ബി) | നികുതിയിനത്തിൽ കുടിശ്ശിക വരുത്തുന്ന ചെറുകിട കച്ചവട ക്കാർക്കും വ്യവസായികൾക്കും വേണ്ടി നികുതി വകുപ്പ് നടത്തിവരുന്ന കുടിശ്ശിക നിവാരണ പദ്ധതികൾ എന്തൊ ക്കെയാണെന്ന് വിശദമാക്കാമോ? | (ബി) | നികുതി കുടിശ്ശികകൾ സമയബന്ധിതമായി പിരിച്ചെടുക്കുന്നതിന് ആകർഷകമായ കുടിശ്ശിക നിവാരണ പദ്ധതികൾ കാലാകാലങ്ങളിൽ പ്രഖ്യപിക്കാറുണ്ട്. GST നിലവിൽ വന്ന സാഹചര്യത്തിൽ KGST, CST, VAT, AIT, LT തുടങ്ങിയ നിയമങ്ങൾ പ്രകാരമുള്ള കുടിശ്ശികകൾ എത്രയും വേഗം പിരിച്ചെടുക്കണം എന്ന ലക്ഷ്യത്തോടുകൂടി 2019 ഫിനാൻസ് ആക്ട് പ്രകാരം ഒരു സമഗ്രമായ ആംനസ്റ്റി സ്കീം സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്. ഇതിൻ പ്രകാരം പിഴപ്പലിശ, പലിശ, പിഴ എന്നിവ പൂർണ്ണമായും ഒഴിവാക്കി, നികുതി തുക മാത്രം ഒടുക്കി വ്യപാരികൾക്കും തങ്ങളുടെ നികുതി ബാദ്ധ്യതകൾ തീർപ്പാക്കാവു ന്നതാണ്. GST നടപ്പിലാക്കുന്നതിന് മുമ്പുണ്ടായിരുന്ന |

| | | | |
|---|---|---|---|
| . | | | നികുതി നിയമങ്ങളിന്മേലുള്ള നികുതി നിർണ്ണയങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് സത്വര നടപടികൾ സ്വീകരിച്ച് വരുന്നു. കൂടാതെ അടയ്ക്ക വ്യാപാരികൾക്ക് പ്രത്യേകമായി ഒരു ആംനസ്റ്റി പദ്ധതി പ്രഖ്യാപിച്ച് പലിശ, പിഴ ഒഴിവാക്കി നികുതി തുക മാത്രം സ്വീകരിച്ചും വരുന്നു. |

Puja
**സെക്ഷൻ ഓഫീസർ**